

# DR. A.P.J ABDUL KALAM MEMMORIAL
## ALL KERALA DRAWING & PAINTING COMPETITION


Organized by : District Citizens Protection Council, Thrissur
Jameelalayam Buildings, West Chira Road, Thrissur - 680 001, Kerala

| | | | |
|---|---|---|---|
| Adv.Jacob Puthussery<br>Chairman<br>Ph. 9447829281 | Ramachandran Perumbidi<br>Convenor<br>Ph : 7356863356 | Francis Pulikkottil<br>Vice Chairman<br>Ph : 9846159688 | Dr. E.V.Manoharan<br>General Secretary<br>9388831368 |


Ref :

Date: 14.09.2017

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപ ഡയറക്ടർ
വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ, കാര്യാലയം, കളക്ട്രേറ്റ്, തൃശൂർ

മേഡം

വിഷയം : 3-ാം മത് അഖില കേരള ചിത്ര രചനാ മത്സരം ജില്ലയിലെ സ്കൂളുകളിലെ വിദ്യാർത്ഥികളെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ഡിഇഒ മാർക്കും, എഇഒമാർക്കും സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

2017 സെപ്തംബർ 21ന് രാവിലെ 9.30ന് തൃശൂർ മോഡൽ ഗവ.ഗേൾസ് ഹൈസ്കൂൾ ഹാളിൽ വെച്ച് ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി നഴ്സറി, ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ, ഹയർസെക്കന്ററി, കോളേജ് / സാങ്കേതിക സ്ഥാപനങ്ങളിലെ വിദ്യാർ ത്ഥികൾക്കായി ചിത്രരചനാ മത്സരം (പെയിന്റിംഗ് /പെൻസിൽ ഡ്രോയിംഗ്) നടത്തുന്നതാണ്. ചിത്രരചനാ മത്സരത്തിന്റെ ഉൽഘാടനം ജില്ലാ പൗരസംരക്ഷണ സമിതി ചെയർമാൻ അഡ്.ജേക്കബ്ബ് പുതുശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ശ്രീമതി അജിത ജയരാജൻ (തൃശൂർ നഗരസഭ മേയർ) നിർവ്വഹിക്കുന്നതാണ്. തദവസരത്തിൽ ശ്രീമതി കെ.സുമതി (വിദ്യാഭ്യാസ ഉപഡയറക്ടർ), റവ.ഫാ.ഡോ. പോൾ കാട്ടൂക്കാരൻ (കോ-ഓർഡിനേറ്റർ, ക്രിസ്ത്യൻ ആർട്ടിസ്റ്റ് ഫോറം) തുടങ്ങിയവർ ആശംസകൾ നേരും.

മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് വരക്കുന്നതിന് ഡ്രോയിംഗ് ഷീറ്റുകൾ 20രൂപ നിരക്കിൽ വിതരണം ചെയ്യും. വിജയികൾക്ക് മെമന്റോയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ട്രോഫി നൽകുന്നതായിരിക്കും. പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് ihrd_manohar@yahoo.com ഇമെയിൽ അഡ്രസിൽ 19.09.2017നു മുമ്പ് അയക്കണം.

ആയതുകൊണ്ട് ഈ ഓഫീസിനു കീഴിലുള്ള ഡിഇഒ, എഇഒ, ഹെഡ്മാസ്റ്റർ തുടങ്ങിയവർക്ക് ഡോ.എ.പി.ജെ.അബ്ദുൾ കലാം സ്മാരക അഖില കേരള ഡ്രോയിങ്ങ് & പെയിന്റിങ്ങ് മത്സരത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു. ഇതുസംബന്ധിച്ച സ്കൂളുകളിലേക്ക് ഇമെയിൽ സന്ദേശം അയക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.ഇ.വി.മനോഹരൻ
ജനറൽ സെക്രട്ടറി
9388831368